# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### കോഴിക്കോട് ജില്ലയിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസിനു കീഴിലുള്ള സ്ഥലം ഭാരതീയ ചികിത്സാ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4087 — 03.02.2014 - ൽ മറുപടിയ്ക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | കോഴിക്കോട് ജില്ലയിൽ കെ.എച്ച്.ആർ. ഡബ്ല്യു.എസിനു കീഴിലുള്ള തലക്കുളത്തൂർ പഞ്ചായത്തിലെ പുറക്കാട്ടേരിയിലെ 1.6351 ഹെക്ടർ ഭൂമിയും അനുബന്ധ കെട്ടിടങ്ങളും ഭാരതീയ ചികിത്സാ വകുപ്പിന് കൈമാറാനുള്ള നടപടി എവിടെവരെ യായെന്ന് വെളിപ്പെടുത്താമോ; | എ) | 31.10.2013 – ലെ സ.ഉ. (എം.എസ്) 432/13/ആ.ക.വ 6.12.13 – ലെ 2373/ഇ 1/2012/ആ.ക.വ നമ്പർ കത്ത് എന്നിവ പ്രകാരം കോഴിക്കോട് ജില്ലയിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസിനു കീഴിലുള്ള തലക്കുളത്തൂർ പഞ്ചായത്തിലെ പുറക്കാട്ടേരിയിലെ 1.6351 ഹെക്ടർ ഭൂമിയും അനുബന്ധ കെട്ടിടങ്ങളും ഭാരതീയ ചികിത്സാ വകുപ്പിന് കൈമാറുന്നതിന് ഉത്തരവായിട്ടുണ്ട്. ടി സർക്കാർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് പുറക്കാട്ടേരിയിൽ ആശുപത്രി സ്ഥാപിക്കുന്നതിന്, ഭൂമിയും അനുബന്ധ കെട്ടിടങ്ങളും അടിയന്തിരമായി കൈമാറ്റം ചെയ്യുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | നിർദ്ദിഷ്ട സ്ഥലം ഭാരതീയ ചികിത്സാ വകുപ്പ് എന്തിനു വേണ്ടിയാണുപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ബി) | കോഴിക്കോട് ജില്ലാ ആശുപത്രിയുടെ അനക്സായും കുട്ടികളുടെയും കൗമാരപ്രായക്കാരുടേയും ചികിത്സാ കേന്ദ്രമായും പ്രവർത്തിക്കുന്നതിനു വേണ്ടിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ